# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 4793/25 തിയ്യതി : 11.09.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

സുധീർകുമാർ മാരാട്ട്
HRA 29 മാരാട്ട് ഹൗസ്, ഗുരുവേ ഇൻ — പരാതിക്കാരൻ
കൂർക്കഞ്ചേരി, തൃശ്ശൂർ - 680 007.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം — എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നമ്പർ : 3772, ശ്രീ. സുധീർ കുമാറിന്റെ പേരിലുള്ള കണക്ഷനിലെ മീറ്റർ റീഡിങ്ങ് മുൻ മാസങ്ങളേക്കാൾ കൂടുതൽ വരുന്നു. മീറ്റർ പരിശോധിച്ച് അപാകത പരിഹരിക്കുന്നതിനാണ് പരാതി.

**ഫോറത്തിന്റെ നടപടികൾ :**

08.07.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. സെക്ഷൻ 4 അസിസ്റ്റന്റ് എഞ്ചിനീയറോട് ലൈസൻസിക്കു വേണ്ടി സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു.

**വിഷയത്തിൽ സെക്ഷൻ 4 അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.**

EW4 – 4793/25 ഫയൽ പ്രകാരം ശ്രീ. സുധീർകുമാർ മീറ്റർ റീഡിങ്ങ് പരിശോധിക്കുന്നതിനായി നൽകിയ അപേക്ഷ പരിഗണിച്ച് മീറ്റർ പരിശോധിച്ചു. മീറ്റർ ടെർമിനൽ കണക്ഷൻ തകരാറിലായിരുന്നു. റീഡിംഗിൽ വന്നിട്ടുള്ള വ്യത്യാസം പരഗണിച്ച് മീറ്റർ മാറ്റി സ്ഥാപിച്ചു.

**നിലവിലുണ്ടായിരുന്ന മീറ്റർ**

| | | |
|---|---|---|
| Meter make | – | Unilec |
| Sl. No. | - | 02655 |
| Meter type | - | 3 x 240V, 50 Hz. 10 – 40 A. |
| Reading | - | 40238 kwh static meter. |

**പകരം മാറ്റിയ മീറ്റർ**

| | | |
|---|---|---|
| Meter No. | - | Y0214725 |
| Meter Make | - | Secure |
| | - | 3 x 240V, 50 Hz. 10 – 60 A TOD LCD Display |
| Meter initial reading | - | 15710 kwh |
| Date of Change | - | 11.07.2025. |

മീറ്റർ മാറ്റിയതിന് ശേഷം റീഡിങ്ങ് പ്രകാരമുള്ള ബില്ലിങ്ങ് തുടർന്ന് വരുന്നു. നിലവിൽ പരാതി ഉന്നയിച്ചിട്ടുള്ള ബില്ലിൻെറ യൂണിറ്റ് ക്രമീകരിക്കുന്നതിനായി 3 ബില്ലിങ്ങ് സൈക്കിൾ കംപ്ലീറ്റ് ചെയ്യേണ്ടതുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ തുടർന്ന് വരുന്നു.

25.07.2025 ൽ ശ്രീ. സുധീർകുമാർ വീണ്ടും ടി വിഷയം കാണിച്ച് പരാതി ബോധിപ്പിച്ചിട്ടുള്ളതിൽ മാറ്റി വെച്ചിട്ടുള്ള പുതിയ മീറ്റർ നല്ല രതീയിൽ ഫങ്ഷൻ ചെയ്യുന്നതായി അറിയിച്ചിട്ടുണ്ട്. (EW4 – 5226/25 dt. 26.07.2025) ടി പരാതിയിൽ ബിൽ നം.: 559742 റിവൈസ് ചെയ്തു നൽകുവാൻ അറിയിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഫോറത്തിൻെറ നിഗമനം :**

സെക്ഷൻ 4 അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം മീറ്റർ തകരാറിലാണ് എന്ന് ബോദ്ധ്യപ്പെട്ടു. പരാതിക്കാധാരമായ ബില്ല് റിവൈസ് ചെയ്യേണ്ടതിന് സെക്ഷനിൽ നിന്നും നടപടി സ്വീകരിച്ചിട്ടുള്ളതാണ്. മീറ്റർ കേടാകുമ്പോൾ ബില്ല് ചെയ്യേണ്ടത് സെക്ഷൻ 125(1) പ്രകാരമാണ്. ആയതു പ്രകാരം In the case of defective or damaged meter, the consumer shall be billed on the basis of average consumption of the past three billing cycles immediately preceding the date of the meter being found on defective.

Provided that the average shall be computed from the three billing cycles after th meter is replaced if required details pertaining to previous billing cycles are not available.

**ഉത്തരവ് നടപടികൾ :**

മീറ്റർ കേടാണ് എന്ന് ബോദ്ധ്യപ്പെട്ടതിനാൽ സപ്ലൈകോഡ് 2014 റെഗുലേഷൻ 125(1) പ്രകാരം നിയമാനുസൃതം ബിൽ നൽകുന്നതിന് ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിനുകൃഷ്ണൻ. കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |